(*b*) No. There appears to be nothing wrong in having evicted them since the lands were acquired under L. A. Act.

(c) Yes.
The amount belongs to Government.
Stay orders were issued thrice.

(*d*) Yes.
No.

ഉദ്യോഗസ്ഥന്മാരുടെ സസ്പെൻഷൻ

. ൨൩൦. (൧൩) ശ്രീ. അലക്സാണ്ടർ വാകയിൽ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

(എ) ൧൯൪൯ ജനുവരി മുതൽ ഡിസംബർ-ക്കുശേഷം ഇന്നുവരെ അതിലധികവും ശമ്പളം പ്രതിമാസം പറ്റുന്ന എത്ര ഉദ്യോഗസ്ഥന്മാരെയാണ് സസ്പെൻഡ് ചെയ്യുകയോ ഡിസ്മിസ് ചെയ്യുകയോ ചെയ്തിട്ടുള്ളത്;

(ബി) അവരുടെ പേരുകളും ഓരോരുത്തരുടെ പേരിലും ആരോപിക്കപ്പെട്ടിട്ടുള്ള കുറ്റങ്ങളും എന്താണെന്ന് പറയുമോ?

ശ്രീ. ടി. കെ. നാരായണപിള്ള:

(എ) വിവരങ്ങൾ അടങ്ങിയ പട്ടിക മേശപ്പുറത്ത് വച്ചിട്ടുണ്ട്.*

(ബി) ആവശ്യപ്പെട്ടിട്ടുള്ള വിവിധസ്ഥിതിവിവരപ്പട്ടിക ശേഖരിക്കുന്നതിനും വേണ്ടിവരുന്ന സമയവും ജോലിയും തന്മൂലം ഉണ്ടായേക്കാവുന്ന ഉപയോഗത്തിനും അനുരൂപമായിരിക്കുമെന്നും ഗവൺമെണ്ട് കരുതുന്നില്ല.

*Vide Answer to question No. 15 dated 9—3—1950.

നികുതി കുടിശ്ശികക്കാർ

൨൩൧. (൧൨) സാഹിബ് ബഹദൂർ വി. ചേലാഡി റാവുത്തർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട റവന്യൂവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) ലാൻഡ് റവന്യൂവകുപ്പിൽ (തൃശ്ശൂർ ഡിസ്ട്രിക്ടിൽ) ൧൯൫൨; ൧൯൫൪ എന്നീ വർഷങ്ങളിൽ എത്ര പേർ നികുതി ബാക്കിവരുത്തീട്ടുണ്ട്;

(ബി) അതിൽ എത്ര സ്ഥാവരസ്വത്തുക്കളും ജംഗമസ്വത്തുക്കളും ലേലംചെയ്തിട്ടുണ്ട്;

(സി) എത്ര കേസ്സുകൾ ഓരോ ഇനത്തിലും സ്ഥിരപ്പെടുത്തിയിട്ടുണ്ട്?

ശ്രീ. എ. ജെ. ജോൺ: (എ) ൧൯൫൨-ൽ നികുതി ബാക്കിവരുത്തിയവരുടെ എണ്ണം ൯, ൪൩൪. ൧൯൫൪-ൽ ൧൯,൮൮൮.

(ബി) സ്ഥാവരസ്വത്തുക്കൾ ലേലംചെയ്തവ
൧൯൫൨-ൽ ൨.
൧൯൫൪-ൽ ൪.
ജംഗമവസ്തുക്കൾ ലേലംചെയ്തവ
൧൯൫൨-ൽ ഒന്നുമില്ല.
൧൯൫൪-ൽ ൨.

(സി) ലേലംചെയ്ത സ്ഥിരപ്പെടുത്തിയത്

	സ്ഥാവരസ്വത്ത്	ജംഗമവസ്തു
൧൯൫൨	൨	ഒന്നുമില്ല.
൧൯൫൪	൨	ഒന്നുമില്ല.

പട്ടയം മാറ്റുന്നതിനുള്ള അപേക്ഷകൾ

൨൩൨. (൧൩൭) സാഹിബ് ബഹദൂർ വി. ചേലാഡി റാവുത്തർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട റവന്യൂവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) തലപ്പിള്ളി താലൂക്കിൽ ൧൯൫൨, ൧൯൫൩ ൧൯൫൪ എന്നീ കൊല്ലങ്ങളിൽ എത്ര ഫാർജികൾ പട്ടയം മാറിക്കിട്ടുവാനായി ബോധിപ്പിച്ചിട്ടുണ്ട്;

(ബി) അവയിൽ എത്രയെണ്ണം അവസാനിപ്പിച്ചു;

(സി) എത്ര ബാക്കിയുണ്ട്?

LIBRARY ARCHIVES Kerala Legislative Assembly